# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6168** **20.11.2019-ലെ മറുപടിയ്ക്ക്**

**<u>വനഭൂമിയുടെ വിസ്തീർണ്ണവും വനപരിപാലനവും</u>**

**<u>ചോദ്യം</u>** **<u>മറുപടി</u>**

**ശ്രീ.കെ.ജെ. മാക്സി** **അഡ്വ. കെ.രാജു**

**(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ വനഭൂമിയുടെ വിസ്തീർണ്ണം നിലവിൽ എത്രയാണെന്നും പത്തു വർഷം മുമ്പ് എത്രയായിരു ന്നുവെന്നും വ്യക്തമാക്കാമോ; | (എ) | 2017-18 ലെ വനം വകുപ്പിന്റെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ട് പ്രകാരം കേരളത്തിലെ വനത്തിന്റെ ആകെ വിസ്തൃതി, 11521.813 ചതുരശ്ര കിലോമീറ്ററാണ്. പത്തു വർഷം മുമ്പ് (31.03.2008) വനം വകുപ്പിന്റെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ട് പ്രകാരം കേരളത്തിലെ വനത്തിന്റെ ആകെ വിസ്തൃതി, 11033.3876 ചതുരശ്ര കിലോമീറ്ററാണ്. |
| (ബി) | സർക്കാർ കണക്കുകൾ പ്രകാരം എത്ര ഹെക്ടർ വനഭൂമി കൈയ്യേറ്റക്കാർ കൈവശപ്പെടുത്തിയിട്ടുണ്ടെന്നും, ഈ സർക്കാർ കാലയളവിൽ എത്രത്തോളം കൈയ്യേറ്റം കണ്ടെത്താൻ കഴിഞ്ഞുവെന്നും, ആയതിൽ ഭാഗഭാക്കായ എത്രപേരെ കണ്ടെത്തി നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ; | (ബി) | സർക്കാർ കണക്കുകൾ പ്രകാരം 1977 ജനുവരി 1 ന് ശേഷം 31.03.2017 വരെ കയ്യേറിയ 11917.8952 ഹെക്ടർ വനഭൂമിയിൽ 4628.5575 ഹെക്ടർ ഒഴിപ്പിച്ചിട്ടുള്ളതും, ഒഴിപ്പിക്കുവാനുള്ളതായി 7289.3377 ഹെക്ടർ ഉള്ളതുമാണ്. ആയതിന്റെ ഡിവിഷൻ തിരിച്ചുള്ള കണക്കുകൾ അനുബന്ധം-1 ആയി ചേർക്കുന്നു.<br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കണ്ടെത്തിയ കയ്യേറ്റവും ആയതിൽ ഭാഗഭാക്കായവർക്കെതിരെ സ്വീകരിച്ച നടപടി സംബന്ധിച്ച വിവരങ്ങൾ അനുബന്ധം-2 ആയി ചേർക്കുന്നു. |
| (സി) | വനപരിപാലനത്തിനും വനാരോഗ്യം കാത്തുസൂക്ഷിക്കുന്നതിനും, ആയതുവഴി വനാശ്രിതരുടേയും സമീപസ്ഥരുടേയും ജീവിതാഭിവൃദ്ധിക്കുമായി വനം വകുപ്പ് സ്വീകരിച്ചു വരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | (സി) | വനപരിപാലനത്തിനും വനാരോഗ്യം കാത്തുസൂക്ഷിക്കുന്നതിനും, വനം വകുപ്പ് താഴെ പറയുന്ന പ്രവർത്തനങ്ങൾ ചെയ്തു വരുന്നു.<br>സംസ്ഥാനത്ത് ശോഷണം സംഭവിച്ച വനങ്ങളുടെ പുനരുജ്ജീവനത്തിനും ജൈവ സംരക്ഷണത്തിനുമായുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് 6 നാഷണൽ പാർക്കുകളും 17 വന്യജീവി സങ്കേതങ്ങളും ഒരു കമ്മ്യൂണിറ്റി റിസർവ്വും നിലവിലുള്ളതാണ്. ടി നാഷണൽ പാർക്കുകളിലും വന്യജീവി സങ്കേതങ്ങളിലും കേന്ദ്ര സർക്കാരിന്റെ |

| | | | |
|---|---|---|---|
| | | | സഹായത്തോട്ടുകൂടി പ്രത്യേക പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. ജൈവവൈവിധ്യ സംരക്ഷണമാണ് ടി പദ്ധതികളുടെയെല്ലാം മുഖ്യലക്ഷ്യം. കൂടാതെ കൺസർവേഷൻ ഓഫ് ബയോഡൈവേഴ്സിറ്റി എന്ന പദ്ധതിയും സംസ്ഥാനത്ത് നിലവിലുണ്ട്. പ്രൊജക്ട് എലിഫൻറ്, പ്രൊജക്ട് ടൈഗർ, നീലഗിരി ബയോസ്ഫിയർ റിസർവ്വ്, അഗസ്ത്യമല ബയോസ്ഫിയർ റിസർവ്വ് തുടങ്ങിയ പദ്ധതികളുടെ കീഴിലും ജൈവവൈവിധ്യ സംരക്ഷണം നടപ്പാക്കിവരുന്നു. ടെറിട്ടോറിയൽ ഡിവിഷനു കളിൽ ശോഷണം സംഭവിച്ച വനങ്ങളുടെ പുനരുജ്ജീവനത്തിനുള്ള പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്. ഗ്രീൻ ഇന്ത്യ മിഷന്റെ കീഴിൽ വനസംരക്ഷണ സമിതികളുടെ സഹായ ത്തോട്ടുകൂടി ശോഷണം സംഭവിച്ച വനങ്ങളുടെ പുനരുജ്ജീവന പ്രവർത്തനങ്ങൾ ചെയ്തു വരുന്നുണ്ട്. സംസ്ഥാനത്ത് എല്ലാ വനമേഖല കളിലും കാട്ടുതീ സംരക്ഷണ പ്രവർത്തനങ്ങളും നടപ്പാക്കുന്നു. ശോഷിത വനമേഖല കളിൽ പങ്കാളിത്ത വനപരിപാലന പ്രവർത്തനങ്ങളും ചെയ്യുന്നു.<br>സംസ്ഥാനത്തെ വനങ്ങളുടെ സംരക്ഷണ ത്തിനും, പരിപാലനത്തിനും കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ ധനസഹായം ഉപയോഗിച്ച് പങ്കാളിത്ത വനപരിപാലനത്തിൻ കീഴിൽ ജന പങ്കാളിത്തത്തോടെ വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നു. ഇങ്ങനെ നാഷണൽ അഫോറസ്റ്റേഷൻ & ഇക്കോ ഡവലപ്പ്മെൻറ് ബോർഡ്, നാഷണൽ മെഡിസിനൽ പ്ലാന്റ്സ് ബോർഡ്, നാഷണൽ ബാംബൂ മിഷൻ, സ്റ്റേറ്റ് മെഡിസിനൽ പ്ലാന്റ്സ് ബോർഡ് തുടങ്ങിയ ഏജൻസികളുടെ ധനസഹായ ത്തോടെയുള്ള വിവിധ വനപരിപാലന പരിപാടികൾ പങ്കാളിത്ത വനപരിപാലന സ്ഥാപനങ്ങളായ വന സംരക്ഷണ സമിതികൾ/ ഇക്കോ ഡവലപ്പ്മെൻറ് കമ്മിറ്റികൾ എന്നിവ വഴി കേരളത്തിൽ നടപ്പാക്കി വരുന്നുണ്ട്. വനാശ്രിത സമൂഹങ്ങളെ ഉൾപ്പെടുത്തി ടെറിട്ടോറിയൽ വനം ഡിവിഷനു കളിൽ വനസംരക്ഷണ സമിതികളും, വന്യജീവി സങ്കേതങ്ങൾ, ദേശീയോദ്യാനങ്ങൾ എന്നിവയുൾ പ്പെടുന്ന സംരക്ഷിത മേഖല കളിൽ ഇക്കോ ഡവലപ്പ്മെൻറ് കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ സംസ്ഥാനത്തൊട്ടാകെ 400 വനസംരക്ഷണ സമിതികളും 190 ഇക്കോ ഡെവലപ്പ്മെൻറ് കമ്മറ്റികളും പ്രവർത്തി ക്കുന്നുണ്ട്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ |

| | | | |
|---|---|---|---|
| | | | സാമ്പത്തിക സഹായം ഉപയോഗിച്ച് ഇക്കോ ഡവലപ്പ്മെൻറ് & ട്രൈബൽ വെൽഫയർ വിഭാഗം വഴി നടപ്പാക്കുന്ന വനവൽക്കരണ പ്രവർത്തനങ്ങളിലും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങളിലും, കുറ്റകൃത്യങ്ങൾ തടയുന്ന പ്രവർത്തന ങ്ങളിലും വനസംരക്ഷണ സമിതി/ ഇ.ഡി.സി. കളുടെ സജീവ പങ്കാളിത്തം ഉണ്ടാകുന്നുണ്ട്. കൂടാതെ വനത്തിനു ള്ളിലെ വിധ്വംസക പ്രവർത്തനങ്ങൾ തടയുന്നതിനും വനത്തിനുള്ളിൽ നടക്കുന്ന നിയമവിരുദ്ധ നടപടികൾ നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെയും ആദിവാസികൾ ഉൾപ്പെടെ യുള്ള വനാശ്രിത സമൂഹത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുന്ന തരത്തിൽ വനം, പോലീസ്, റവന്യൂ, ട്രൈബൽ ഡെവലപ്പ്മെൻറ് എന്നീ വകുപ്പുകളും, വനസംരക്ഷണ സമിതികളും, പരിസ്ഥിതി സംരക്ഷണ സമിതികളും, സർക്കാരിതര സംഘടനകളും ഉൾപ്പെടുന്ന വനമേഖല ജാഗ്രതാ സമിതികൾ രൂപീകരിക്കാൻ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവി ച്ചിട്ടുണ്ട്. ഇതുവഴി വനസംരക്ഷ ണവും ടി പ്രവർത്തനങ്ങളിൽ ജനങ്ങളുടെ സഹകരണം ഉറപ്പാക്കുവാനും സാധിക്കു ന്നു.<br>വന്യജീവികളിൽ നിന്നും കൃഷിനാശം ഉണ്ടാകുന്നത് കുറയ്ക്കുവാനായി അതിർ ത്തികളിൽ സോളാർ ഫെൻസിംഗ്, കിടങ്ങുകൾ എന്നിവ നിർമ്മിച്ചു വരുന്നു. വന്യജീവികൾ മുഖേനയുള്ള ജീവഹാ നിക്കും, കൃഷിനാശത്തിനും നഷ്ടപരിഹാ രവും നൽകിവരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം - 1

| ക്രമ നം. | സർക്കിൾ | ഡിവിഷൻ | കയ്യേറിയ വന വിസ്തൃതി (ഹെക്ടറിൽ) | കയ്യേറ്റം ഒഴിപ്പിച്ചവ (ഹെക്ടറിൽ) | ഒഴിപ്പിക്കേവന വിസ്തൃതി (ഹെക്ടറിൽ) |
|---|---|---|---|---|---|
| 1 | സതേൺ സർക്കിൾ, കൊല്ലം | തിരുവനന്തപുരം | 0.6200 | 0.6200 | 0.0000 |
| | | പുനലൂർ | 3.5765 | 3.5765 | 0.0000 |
| | | തെന്മല | 8.4310 | 1.1950 | 7.2360 |
| | | കോന്നി | 135.6853 | 125.0955 | 10.5898 |
| | | റാന്നി | 627.7805 | 626.6495 | 1.1310 |
| 2 | ഹൈറേഞ്ച് സർക്കിൾ, കോട്ടയം | കോട്ടയം | 149.4605 | 27.9747 | 121.4858 |
| | | കോതമംഗലം * | 698.6851 | 551.0890 | 147.5961 |
| | | മൂന്നാർ | 3188.6828 | 2089.0300 | 1099.6528 |
| | | മാങ്കുളം | 389.1938 | 30.7683 | 358.4255 |
| 3 | സെൻട്രൽ സർക്കിൾ, തൃശ്ശൂർ | മലയാറ്റൂർ | 148.6954 | 19.4089 | 129.2865 |
| | | തൃശ്ശൂർ | 335.0113 | 188.2410 | 146.7703 |
| 4 | ഈസ്റ്റേൺ സർക്കിൾ, പാലക്കാട് | നെന്മാറ | 251.9461 | 7.7607 | 244.1854 |
| | | പാലക്കാട് | 57.6554 | 0.0000 | 57.6554 |
| | | മണ്ണാർക്കാട് | 2789.2233 | 88.8882 | 2700.3351 |
| | | നിലമ്പൂർ നോർത്ത് | 713.3659 | 30.8408 | 682.5251 |
| | | നിലമ്പൂർ സൗത്ത് | 4.7816 | 4.7816 | 0.0000 |



........2

| | | | | | |
|---|---|---|---|---|---|
| 5 | നോർത്തേൺ സർക്കിൾ, കോഴിക്കോട് | കോഴി ക്കോട് | 123.3301 | 123.3301 | 0.0000 |
| | | വയനാട് നോർത്ത് | 271.7400 | 99.8200 | 171.9200 |
| | | വയനാട് സൗത്ത് | 1259.2606 | 57.7633 | 1201.4973 |
| | | കണ്ണൂർ | 12.7484 | 1.7244 | 11.0240 |
| 6 | വൈൽഡ്ലൈഫ് സർക്കിൾ, കോട്ടയം | ഇടുക്കി | 5.0000 | 0.0000 | 5.0000 |
| | | തേക്കടി | 0.0061 | 0.0000 | 0.0061 |
| 7 | വൈൽഡ്ലൈഫ് സർക്കിൾ, പാല ക്കാട് | പീച്ചി | 193.0155 | 0.0000 | 193.0155 |
| | | വയനാട് | 550.0000 | 550.0000 | 0.0000 |
| | | ആകെ | 11917.8952 | 4628.5575 | 7289.3377 |

* കോതമംഗലം ഡിവിഷനിലെ കാളിയാർ റെയിഞ്ചിൽ ടി പട്ടികയിൽ ഉൾപ്പെടാത്ത 310.632 ഹെക്ടർ ഭൂമിയും കൈയ്യേറിയതായി കണ്ടെത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം - 2

| ക്രമ നം. | സർക്കിൾ | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കണ്ടെത്തിയ കയ്യേറ്റം | | |
|---|---|---|---|---|
| | | ഹെക്ടർ | ഭാഗഭാക്കായയവരുടെ എണ്ണം | നടപടി സ്വീകരിച്ചത് |
| 1 | സതേൺ സർക്കിൾ, കൊല്ലം | 0.81 | 1 | 0.81 ഹെക്ടർ ഒഴിപ്പിച്ചിട്ടുണ്ട് |
| 2 | ഹൈറേഞ്ച് സർക്കിൾ, കോട്ടയം | 3.86 | 40 | 40 പേർക്കെതിരെ കേസ് എടുത്തിട്ടുണ്ട്. |
| 3 | സെൻട്രൽ സർക്കിൾ, തൃശ്ശൂർ | 0.2878 | 5 | 5 പേർക്കെതിരെ നടപടി എടുത്തിട്ടുണ്ട്. |
| 4 | ഈസ്റ്റേൺ സർക്കിൾ, പാലക്കാട് | 22.8274 | 5 | 5 പേർക്കെതിരെ നടപടി എടുത്തിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 5 | നോർത്തേൺ സർക്കിൾ, കോഴിക്കോട് | 20.7616 | 12 | കോഴിക്കോട് ഡിവിഷനിൽ താമരശ്ശേരി റെയിഞ്ചിൽ വി.എഫ്.സി ഐറ്റം നമ്പർ 133 ൽ സർവ്വേ നം. 163/11-2 ൽ വനഭൂമികയ്യേറി ഹൈലൈഫ് ആയുർവ്വേദിക് മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ എന്ന സ്ഥാപനവും അനുബന്ധ കെട്ടിടവും 30.04.18 ൽ ഒഴിപ്പിക്കുകയും വനം കയ്യേറ്റവുമായി ബന്ധപ്പെട്ട് 4 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുമുണ്ട്. കൂടാതെ സൗത്ത് വയനാട് ഡിവിഷനിലെ 7.040 ഹെക്ടർ കയ്യേറ്റം ഒഴിപ്പിച്ചിട്ടുണ്ട് |
| 6 | വൈൽഡ്ലൈഫ് സർക്കിൾ, കോട്ടയം | 0 | 0 | -- |
| 7 | വൈൽഡ്ലൈഫ് സർക്കിൾ, പാലക്കാട് | 1.214 | - | ഒ.ആർ.1/2017 നമ്പരായി കേസ് രജിസ്റ്റർ ചെയ്യുകയും, 1.214 ഹെക്ടർ കയ്യേറ്റം ഒഴിപ്പിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ